27 (*27) മെഡിക്കൽ കോളേജുകളുടെ വികസനം

<u>ശ്രീമതി എൻ.കെ. രാധ</u> :
<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> :
<u>ശ്രീ. എൻ.ആർ. ബാലൻ</u> :
<u>ശ്രീ. എം. ദാസൻ</u> :
<u>ശ്രീ. എ. അലിഹസ്സൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിനും നവീകരണത്തിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ വർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി 1999-2000 വർഷത്തെ ബഡ്ജറ്റിൽ എന്ത് തുക വക കൊള്ളിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) മെഡിക്കൽ കോളേജുകളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. എ.സി. ഷൺമുഖദാസ്)</u> :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി പദ്ധതിയിനത്തിൽ 29.86 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 138.37 കോടിയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 11.50 കോടി രൂപയും 1999-2000 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, ലേഡി ഹൗസ് സർജന്മാരുടെ ഹോസ്റ്റൽ എന്നിവയുടെ പണിയും കോട്ടയം മെഡിക്കൽ കോളേജിലെ ഒ ആന്റ് ജി ബ്ലോക്കിന്റെ പ്രീക്ലിനിക്കൽ ഡിപ്പാർട്ട്മെന്റ് എന്നിവയുടെ പണിയും കോഴിക്കോട് മെഡിക്കൽ കോളേജിലെ പി.ജി. മെൻ ആന്റ് വിമൻ ഹോസ്റ്റലിന്റെ പണിയും പുതിയതായി ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നു.

(സി) ഇതിനായി 11.50 കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(ഡി) ധനലഭ്യതയനുസരിച്ച് എത്രയും വേഗം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഇ) മെഡിക്കൽ കോളേജുകളിൽ പല സൂപ്പർ സ്പെഷ്യാലിറ്റികളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly